©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2023 മേയ് 22<br>22nd May 2023<br>1198 ഇടവം 8<br>8th Idavam 1198<br>1945 ജ്യേഷ്ഠം 1<br>1st Jyaishta 1945 | നമ്പർ<br>No. 1712 |

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**
**തിരുവനന്തപുരം-695033**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ നടപടി ഉത്തരവ്**

(ഹാജർ: എ. ഷാജഹാൻ)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2020-ലെ പൊതുതിരഞ്ഞെടുപ്പ് പത്തനംതിട്ട ജില്ല – ജി.17 എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് - 14 വേങ്ങഴ നിയോജകമണ്ഡലം - ചെലവ് കണക്ക് സമർപ്പിക്കാതിരുന്ന ശ്രീ.സന്തോഷ്കുമാറിനെ അയോഗ്യനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പരാമർശം:- (1)കമ്മീഷന്റെ 23.08.2022 തീയതിയിലെ ബി2-66-2022-സം.തി.ക(2)-ാം നമ്പർ ഉത്തരവ്.
(2)കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 19.09.2022 ലെ എ4-1451/2021 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ.ബി2/93/2022-സം.തി.ക** **തീയതി:15.05.2023**

**<u>ഉത്തരവ്</u>**

ഒരു തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഓരോ സ്ഥാനാർത്ഥിയും തിരഞ്ഞെടുപ്പ് ചെലവിന്റെ കണക്കുകൾ ശരിയായി സൂക്ഷിക്കാനും തിരഞ്ഞെടുപ്പിന് ശേഷം നിശ്ചിത സമയപരിധിക്കുള്ളിലും രീതിയിലും തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന് പ്രസ്തുത ചെലവുകളുടെ കണക്കുകൾ സമർപ്പിക്കാനും ബാദ്ധ്യസ്ഥനാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 85,86 വകുപ്പുകൾ അനുശാസിക്കുന്നു. നിശ്ചിത സമയപരിധിക്കുള്ളിലും രീതിയിലും തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതും തിരഞ്ഞെടുപ്പിന് നിശ്ചിതപരിധിയിൽ കൂടുതൽ ചെലവ് ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ട് 33-ാം വകുപ്പ് പ്രകാരം കമ്മീഷന് ഒരാളെ അയോഗ്യനായി പ്രഖ്യാപിക്കുന്നതിനുള്ള കാരണമാണ്.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2020 ഡിസംബർ 8,10,14 തീയതികളിൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലേയ്ക്ക് മത്സരിച്ച സ്ഥാനാർത്ഥികൾ സമർപ്പിച്ച തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കും അവ സമർപ്പിക്കാതിരുന്ന സ്ഥാനാർത്ഥികളുടെ വിവരവും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും, അവയിന്മേൽ കമ്മീഷൻ തുടർനടപടി സ്വീകരിച്ച് വീഴ്ച വരുത്തിയ സ്ഥാനാർത്ഥികളെ പരാമർശ ഉത്തരവ് പ്രകാരം അയോഗ്യരാക്കുകയും ചെയ്തിരുന്നു.

3. എന്നാൽ, പ്രസ്തുത പൊതു തിരഞ്ഞെടുപ്പിൽ പത്തനംതിട്ട ജി.17 എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് 14 വേങ്ങഴ നിയോജക മണ്ഡലത്തിൽ നിന്നും മത്സരിച്ച ആകെ 4 സ്ഥാനാർത്ഥികളിൽ ശ്രീ.സന്തോഷ്.ഇ.ആർ ഉൾപ്പെടെ മൂന്ന് സ്ഥാനാർത്ഥികൾ ചെലവ് കണക്ക് സമർപ്പിച്ചിരുന്നെന്നും ചെലവ് കണക്ക് സമർപ്പിക്കാതിരുന്ന ശ്രീ.സന്തോഷ് കുമാർ, ശൗര്യമാങ്കൽ, പത്തനംതിട്ട എന്നയാളിന്റെ പേര് ചെലവ് കണക്ക് സമർപ്പിച്ചവരുടെ ഗണത്തിൽ പിശകായി ഉൾപ്പെടുത്തുന്നതിന് ഇടവന്നിട്ടുണ്ടെന്നും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനായ കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കമ്മീഷൻ അത് പരിശോധിക്കുകയും ചെലവ് കണക്ക് സമർപ്പിക്കാതിരുന്ന ശ്രീ.സന്തോഷ് കുമാറിന് 14.11.2022 തീയതിയിലെ ബി2/93/2022-സം.തി.ക നമ്പരായി കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.സന്തോഷ് കുമാറിന് നേരിട്ട് നൽകുകയും ടിയാന്റെ കൈപറ്റു രസീത് വാങ്ങി കമ്മീഷന് അയച്ചുതരികയും ചെയ്തിട്ടുള്ളതാണ്.

4. മേൽപ്പറഞ്ഞ പ്രകാരം കാരണം കാണിക്കൽ നോട്ടീസ് കൈപറ്റിയിട്ടും ശ്രീ.സന്തോഷ് കുമാർ തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് ബോധിപ്പിച്ചിട്ടില്ലാത്തതും അപ്രകാരമുള്ള വീഴ്ചയ്ക്ക് മതിയായ കാരണമോ ന്യായമോ അറിയിച്ചിട്ടില്ലാത്തതുമാണ്.

5. ആയതിനാൽ, ജി.17 എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് 14 വേങ്ങഴ നിയോജക മണ്ഡലത്തിൽ നിന്നും മത്സരിച്ച ശ്രീ.സന്തോഷ് കുമാർ, ശൗര്യമാങ്കൽ, പത്തനംതിട്ട എന്നയാൾ 1994-ലെ കേരള കേരള പഞ്ചായത്ത് രാജ് ആക്ടിലെ 33-ാം വകുപ്പനുസരിച്ച്, നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് ബോധിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നും അപ്രകാരമുള്ള വീഴ്ചയ്ക്ക് മതിയായ കാരണമോ ന്യായീകരണമോ ഇല്ലായെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ബോധ്യപ്പെട്ട സാഹചര്യത്തിൽ, ടിയാൻ ഈ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ് തീയതി മുതൽ  അഞ്ച് വർഷക്കാലത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിന് അയോഗ്യനാണെന്ന് പ്രഖ്യാപിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**എ.ഷാജഹാൻ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

ശ്രീ.സന്തോഷ് കുമാർ, ശൗര്യമാങ്കൽ, പത്തനംതിട്ട

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ല കളക്ടർ, പത്തനംതിട്ട

സെക്രട്ടറി, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട

സെക്രട്ടറി, എഴുമറ്റൂർ ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട

പകർപ്പ്: കമ്മീഷണറുടെ പി.എസ്സ്

കമ്മീഷണറുടെ സി.എ

നോഡൽ ഓഫീസർ(പത്തനംതിട്ട ജില്ല).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.05.22 09:00:14 +05:30